**Shikshan Sanshodhan** : Journal of Arts, Humanities and Social Sciences ISSN(o): 2581-6241
Monthly, Peer-Reviewed, Refereed, Indexed Journal Impact Factor: 9.134
Volume - 9, Issue - 10, October - 2026

DOIs:10.2018/SS/202610007 --:-- Research Paper / Article / Review

# അധികാരസ്വരൂപങ്ങൾ - ബുധിനിയിൽ

**മനോജ് കുമാർ വി**
**അസിസ്റ്റന്റ് പ്രൊഫസർ**
**മലയാളവിഭാഗം, ഫാത്തിമ മാതാ നാഷണൽ കോളേജ്**
**(ഓട്ടണോമസ്), കൊല്ലം.**
**E-mail: manojkumarv2014@gmail.com**

**പ്രബന്ധസംഗ്രഹം**

സാഹിത്യാദികലകൾ ഉൾപ്പെടെയുള്ള സർഗാത്മകസംവാദങ്ങൾ ജീവിത-സംബന്ധമായ സങ്കല്പങ്ങൾ മനുഷ്യർക്കുണ്ടെന്നതിന്റെ ഉത്തമദൃഷ്ടാന്തങ്ങളാണ്. വ്യക്തികൾ തമ്മിലും വ്യക്തികളും സമൂഹവും തമ്മിലും തിരിച്ചും നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുന്ന സാമൂഹിക ജീവിതത്തിന്റെ സ്വാഭാവികമായ ഉപാധി ഭാഷയാണ്. സാഹിത്യാദികലകളിൽ അഭിരമിക്കുന്നവർ കണ്ടും കേട്ടും അനുഭവിച്ചും അറിഞ്ഞ ജീവിതങ്ങളെ പുനഃസൃഷ്ടിക്കുകയാണ് ചെയ്യുന്നത്. അവിടെ പ്രത്യക്ഷ-മായോ പരോക്ഷമായോ കടന്നുവരാവുന്ന ഒരു പ്രമേയം അധികാരമാണ്. ഏതെങ്കിലും ഒരു വ്യക്തിയുടെയോ സമൂഹത്തിന്റെയോ ജീവജാലങ്ങളുടെ തന്നെയോ സ്വതന്ത്രമായ ഇച്ഛയ്ക്കും പ്രവർത്തനത്തിനും മേൽ മറ്റൊരു വ്യക്തിയോ സമൂഹമോ ഏർപ്പെടുത്തുന്ന നിയന്ത്രണത്തെയും നായകത്വത്തെയുമാണ് അധികാരം എന്ന സംജ്ഞകൊണ്ട് വിവക്ഷിക്കുന്നത്. വ്യക്തിയുടെ സ്ഥാനമാനങ്ങൾ, പദവി, ജാതി, മതം, ലിംഗപദവി, സാമ്പത്തികശേഷി, കായികവും മാനസികവും ബൗദ്ധികവുമായ കരുത്ത് എന്നിവയൊക്കെ അതിന് കാരണമാകും. `ബുധിനി' എന്ന സാറാ ജോസഫിന്റെ നോവലിലെ അധികാരസ്വരൂപങ്ങളെ ചിഹ്നശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ അപഗ്രഥിക്കാനുള്ള ശ്രമമാണ് ഈ പ്രബന്ധത്തിലുള്ളത്.

**താക്കോൽ വാക്കുകൾ**

അധികാരം, മേൽക്കോയ്മ, പ്രത്യയശാസ്ത്രം, ചിഹ്നശാസ്ത്രം, ചിഹ്നം, സൂചകം, സൂചിതം, ഇതിവൃത്തം, കഥാപാത്രങ്ങൾ, നോവൽ, ബുധിനി.

## 1. അധികാരം

വ്യക്തിപ്രഭാവം, പാരമ്പര്യം, കായികവും മാനസികവുമായ കരുത്ത്, ബുദ്ധിശക്തി, കൂട്ടായപ്രവർത്തനം, സ്ഥാനമാനങ്ങൾ എന്നിവയുള്ള ഒരു വ്യക്തിയോ സമൂഹമോ മറ്റൊരു വ്യക്തിക്കോ സമൂഹത്തിനോ മേൽ ചെലുത്തുന്ന നായകത്വമാണ് അധികാരമെന്നത്. “മേൽനോട്ടം, ആധിപത്യം, ഭരണാവകാശം, വ്യക്തികളെയും സ്ഥാപനങ്ങളെയും നിയന്ത്രിക്കാനും നിയോഗിക്കാനും ശിക്ഷിക്കാനും മറ്റും വ്യവസ്ഥാനുസരണം സിദ്ധിച്ചിട്ടുള്ള ശേഷി”[1]യാണ് അധികാരമെന്ന് 'കേരളഭാഷാ നിഘണ്ടു'വിൽ രേഖപ്പെടുത്തിയിരിക്കുന്നു.

അതായത് സ്വേച്ഛയ്ക്കനുസരിച്ച് മറ്റൊരു വ്യക്തിയുടെയോ സമൂഹത്തിന്റെയോ സ്വതന്ത്രമായ പ്രവർത്തനങ്ങളിൽ ഇടപെടാനും നിയന്ത്രിക്കാനും ഉള്ള കഴിവാണ് അധികാരം. അധികാരം പ്രയോഗിക്കുന്നയാൾ ഭരിക്കുന്നവൻ ആകുമ്പോൾ അപരൻ ഭരിക്കപ്പെടുന്നവനാകും. അധികാരശക്തിക്ക് കീഴ്പ്പെട്ട് അനുസരണാജീവിതം നയിക്കേണ്ടവനെന്ന തോന്നൽ ഭരിക്കപ്പെടുന്നവരിൽ സൃഷ്ടിച്ചുകൊണ്ടിരിക്കുകയും അവനെ കീഴടങ്ങി ജീവിക്കാൻപ്രാപ്തനാക്കുക-യുമാണ് അധികാരശക്തികൾ ചെയ്യുന്നത്. “അധികാര-അനുസരണാബന്ധ-ങ്ങളിലൂടെ സമൂഹം രണ്ട് തട്ടിലാവുകയും അധികാരം കൈയ്യാളുന്നവൻ ഒരു ലഹരിയെന്നപോലെ അധികാരശക്തിയെ ആസ്വദിക്കുകയും ചെയ്യുന്നു. അപര-നാകട്ടെ അപകർഷബോധംകൊണ്ടോ ഭയംകൊണ്ടോ അനുസരണാജീവിതം നയിക്കുന്നു”[2]. അങ്ങനെ അധികാരവർഗ്ഗത്തിന്റെ ഇച്ഛയ്ക്കനുസൃതമായ ജീവിതം നയിക്കുകയാണ് അധികാരരഹിതർ ചെയ്തുവരുന്നത്. അധികാരത്തിന്റെ ഇത്തരം തലങ്ങൾ സാഹിത്യകൃതികളിൽ പ്രകടമാണ്. ‘ബുധിനി’യിലും അത് ദർശിക്കാവുന്നതാണ്.

## 2. ബുധിനി - സാറാ ജോസഫ്

ദാമോദർവാലി ഉൾപ്പെടെയുള്ള അണക്കെട്ടുകളുടെ നിർമിതി ഇന്ത്യൻ-വികസനചരിത്രത്തിലെ ശ്രദ്ധേയമായൊരേടാണ്. ‘ബുധിനി’യുടെ പ്രമേയം ദാമോദർവാലിയിലെ പഞ്ചേത്ത് എന്ന ഡാമുമായി ബന്ധപ്പെട്ടുണ്ടായ സംഭവവികാസങ്ങളാണ്. സാന്താൾ എന്ന ഗോത്രവംശത്തിൽ പിറന്ന ബുധിനി മെജാനാണ് നോവലിലെ കേന്ദ്രകഥാപാത്രമാകുന്നത് . കഥയുടെ പശ്ചാത്തലം ത്സാർഖണ്ഡിലെ കർബോനഗ്രാമമാണ്. ദാമോദർവാലിയിലെ പഞ്ചേത്ത് ഡാം ഉദ്ഘാടനം ചെയ്യാനെത്തിയ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിനെ മാലയിട്ട് സ്വീകരിക്കാൻ ഉദ്യോഗസ്ഥർ നിയോഗിച്ചത് പതിനഞ്ചു വയസ്സുകാരിയായ ബുധിനി എന്ന പെൺകുട്ടിയെയാണ്. സാന്താൾവംശത്തിന്റെ പരമ്പരാഗത വേഷമണിഞ്ഞ് അവൾ നെഹ്റുവിനെ മാലയിട്ട് സ്വീകരിക്കുന്നു. എന്നാൽ ഡാം ഉദ്ഘാടനം ചെയ്യേണ്ടത് അത് നിർമ്മിച്ച തൊഴിലാളികൾ ആണെന്ന് പറഞ്ഞുകൊണ്ട് ബുധിനി അണിയിച്ച മാല അവളുടെ കഴുത്തിൽ തന്നെ നെഹ്റു തിരികെ ഇട്ടുകൊടുക്കുകയും അവളെക്കൊണ്ട് അണക്കെട്ട് നാടിന് സമർപ്പിക്കുകയും ചെയ്യുന്നു. പിന്നീട് ദികുവിനെ (അന്യജാതിക്കാരൻ) വിവാഹം കഴിച്ചുവെന്ന് ആരോപിച്ച് ബിത്ലാഹ എന്ന ഗോത്രവർഗ്ഗ ആചാരപ്രകാരം ഗ്രാമത്തിൽ നിന്നും ബുധിനിയെ അവർ നാടുകടത്തുന്നു. ബുധിനിയുടെ ജീവിതം അന്വേഷിച്ചെത്തുന്ന രൂപി മുർമു, സുഹൃത്ത് സുചിത്ര എന്നിവരിലൂടെയാണ് പുറംലോകം ഇക്കഥകൾ അറിയുന്നത്. ബുധിനി മെജാൻ, രൂപി മുർമു, സുചിത്ര, സോമനാഥ് ഹെം ബ്രാം, ജഗന്നാഥ് മുർമു, ദത്താജി, ജഗദീപ് മുർമു, രഘുനാഥ് ഹാരം, സുവീർദത്ത എന്നിവരാണ് ബുധിനിയിലെ പ്രധാനകഥാപാത്രചിഹ്നങ്ങൾ. ഈ കഥാപാത്രചിഹ്നങ്ങൾ ഓരോന്നും അധികാര-ഘടനയുമായി ബന്ധപ്പെട്ട ഘടകങ്ങൾ ആകുന്നു.

രാഷ്ട്രീയാധികാരചിഹ്നങ്ങളും സാമൂഹ്യാധികാരചിഹ്നങ്ങളും നോവൽഘടന-യിലെ ഘടകങ്ങളാണ്. നെഹ്റുവിന്റെ ഭാര്യാപദവി ചാർത്തിക്കൊടുത്ത് ബുധിനിക്ക് ഭ്രഷ്ട്കൽപ്പിക്കുന്ന സാന്താൾവംശവും ബുധിനിയുടെ കുടുംബവും രാഷ്ട്രീയാ-ധികാരഘടനയുടെ ഭാഗമാണ്. സമൂഹം ഭ്രഷ്ടുകല്പിച്ച ബുധിനിയെ ജോലിയിൽനിന്ന് പിരിച്ചുവിട്ട ദാമോദർവാലി കോർപ്പറേഷൻ (ഡി.വി.സി.) മറ്റൊരു അധികാര-ചിഹ്നമാണ്. അധികാരശക്തികളെല്ലാം തച്ചുടയ്ക്കുന്നത് ബുധിനി എന്ന പതിനഞ്ചു വയസ്സുകാരിയുടെ സ്വസ്ഥജീവിതവും അസ്ഥിത്വവുമാണ്. ദത്താജി എന്ന ബ്രാഹ്മണൻ ബുധിനിയുടെ ജീവിതത്തിന്റെ ഭാഗമാവുകയും അവർക്ക് രത്നം എന്ന മകൾ പിറക്കുകയും ചെയ്യുന്നു. വളരെ കാലങ്ങൾക്ക് ശേഷം രാജീവ് ഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രിയായ അവസരത്തിൽ ബുധിനിയുടെ ജീവിതദുരന്തങ്ങൾ ദത്താജി അറിയിക്കുകയും അദ്ദേഹത്തിന്റെ ഇടപെടലിലൂടെ ഡി.വി.സി. ബുധിനിക്ക് നഷ്ടപരിഹാരവും വാസസ്ഥലവും നൽകുകയും ചെയ്യുന്നു. അധികാരശക്തികൾ രാജ്യപുരോഗതിക്കും

അധികാരത്തുടർച്ചയ്ക്കുമായി നടപ്പിലാക്കുന്ന വികസനങ്ങൾ-മൂലം ബുധിനിയുടെ ജീവിതം മാത്രമല്ല തകർന്നത്, ഗ്രാമീണജനതയുടെ ജീവിതംകൂടിയാണ് എന്നത് നോവൽ പറഞ്ഞുവെയ്ക്കുന്നു.

### 3. അധികാരസ്വരൂപങ്ങൾ - ബുധിനിയിൽ

അധികാരം ഒരുതരം ലഹരിയാണ്. ഒരിക്കൽ ആസ്വദിച്ചവർ അത് വീണ്ടും ആസ്വദിക്കുന്നതിനുള്ള വ്യഗ്രതകാണിക്കും. മറ്റുള്ളവരെ അനുസരിപ്പിക്കുന്നതി-ലൂടെയും വിധേയരാക്കുന്നതിലൂടെയും കിട്ടുന്ന ആനന്ദം, മറ്റെന്തിനേക്കാളും പരമപ്രധാനമായി അധികാരവർഗ്ഗം കാണുന്നു. ബുധിനി വിധേയത്വത്തിന്റെ സൂചകമാകുന്നു. അധികാരവർഗ്ഗങ്ങൾക്ക് കീഴടങ്ങുകയും വിധേയരാവുകയും ചെയ്യുക എന്നതിനപ്പുറം മറ്റൊന്നും ചെയ്യാനില്ല. ബുധിനിയുടെ ജീവിതത്തിൽ ഇടപെടുന്ന അധികാരസൂചകങ്ങൾ ഭരണകൂടം, തൊഴിൽസ്ഥാപനം, സാന്താൾ എന്ന ഗോത്രവർഗ്ഗം എന്നിവയാണ്.

ബുധിനിയുടെ ജീവിതത്തിൽ ഏറ്റവും ശക്തമായ ഇടപെടലുകൾ നടത്തുന്ന സ്ഥാപനം ഭരണകൂടമാണ്. ഒരു രാഷ്ട്രത്തിലെ ഏതൊരു പൗരനും ഭരണകൂടത്തിന്റെ നിയമാവലികൾ അനുസരിക്കാൻ ബാധ്യസ്ഥരാണ്. രാഷ്ട്രത്തിന്റെ കെട്ടുറപ്പിനും നിലനിൽപ്പിനും അഖണ്ഡതയ്ക്കും രാഷ്ട്രത്തിലെ നിയമങ്ങളെയും ഭരണകൂടത്തെയും അനുസരിക്കണം എന്നുള്ള ശിക്ഷണം എല്ലാ പൗരർക്കും ലഭിച്ചിട്ടുമുണ്ട്. രാഷ്ട്രവികസനത്തിനായി അണക്കെട്ട് നിർമ്മിക്കുമ്പോൾ, ആ പ്രദേശമാകെ വെള്ളത്തിനടിയിൽ ആകുമെന്നും അതിനാൽ കർബോനയിലെ നിവാസികൾ ഒഴിഞ്ഞു പോകണമെന്നും ഭരണകൂടം നിർദ്ദേശിക്കുന്നു. ഗ്രാമവാസികൾ ഒന്നടങ്കം അത് അനുസരിക്കുകയാണ്. തങ്ങളുടെ ഗ്രാമവും പ്രിയപ്പെട്ട വനപ്രദേശവും ബേംഗകൾ അധിവസിക്കുന്നു എന്ന് വിശ്വസിക്കുന്ന മരങ്ങളും ഉപേക്ഷിച്ച് കർബോനക്കാർ പലായനം ചെയ്യുന്നു. രാഷ്ട്രവികസനത്തിന് തടസ്സമാകരുതെന്ന് കരുതിയാണ് ബുധിനിയുൾപ്പെടെയുള്ള ഗ്രാമവാസികൾ ഭരണകൂടത്തെ അനുസരിക്കുന്നത്. "തങ്ങളുടെ ആഗ്രഹത്തിനനുസരിച്ച് ഏതെങ്കിലും ഒരു വ്യക്തിയുടെയോ സമൂഹത്തിന്റെയോ പ്രവർത്തനരീതികളെ പരിഷ്കരിക്കാനോ തിരുത്താനോ ഉള്ള അപരവ്യക്തികളുടെയും സമൂഹത്തിന്റെയും കഴിവാണ് അധികാരം"[3]. കർബോനയിലെ ജനങ്ങൾ അത്തരമൊരു അധികാരത്തിന് വിധേയരാവുകയാണ്.

ദാമോദർവാലി കോർപ്പറേഷന്റെ നേതൃത്വത്തിൽ അണക്കെട്ട് നിർമ്മാണം പുരോഗമിക്കുമ്പോൾ പതിനഞ്ചു വയസ്സുകാരിയായ ബുധിനി അതിലൊരു തൊഴിലാളിയാണ്. ജവഹർലാൽ നെഹ്റുവിനെ മാലയിട്ട് സ്വീകരിക്കാൻ ബുധിനിയെ ചുമതലപ്പെടുത്തിയതും ദാമോദർവാലി കോർപ്പറേഷനാണ്. എന്നാൽ നെഹ്റു-വാകട്ടെ കഴുത്തലണിയിച്ച മാല തിരിച്ചണിയിച്ച്, അവളെക്കൊണ്ട് അണക്കെട്ട് ഉദ്ഘാടനം നിർവഹിപ്പിക്കുകയാണ് ചെയ്തത്. അതോടെ ദികുവിനെ (അന്യജാതിക്കാരൻ) വിവാഹം കഴിച്ചു എന്നരോപിച്ച് സാന്താൾഗോത്രം ബുധനിയെ ഭ്രഷ്ടകൽപ്പിച്ച് നാടുകടത്തുന്നു. അവൾക്കൊപ്പം നിൽക്കേണ്ടുന്ന ദാമോദർവാലി കോർപ്പറേഷൻ അവളെ ചേർത്തുപിടിച്ചില്ലെന്ന് മാത്രമല്ല ജോലിയിൽനിന്ന് പിരിച്ചുവിടുകയും ചെയ്തു. സാന്താൾവംശത്തിന്റെയും കർബോനി നിവാസികളുടെയും സംതൃപ്തിയും പിന്തുണയും ആയിരുന്നു കോർപ്പറേഷന് വേണ്ടിയിരുന്നത്. സ്വന്തം കുടുംബവും ഗോത്രവും നാടും കയ്യൊഴിഞ്ഞ ഒരു പെൺകുട്ടിയെ തൊഴിലിൽ നിന്ന് പിരിച്ചുവിടുക കൂടി ചെയ്ത തൊഴിൽസ്ഥാപനം സമാനതകളില്ലാത്ത ക്രൂരതയാണ് കാട്ടിയത്. അധികാരികൾക്ക് പ്രധാനം അവരുടെ നിലനിൽപ്പാണ്. അതിനിടയിൽ തകർന്നുപോകുന്ന ജീവിതങ്ങളെ അവർ പരിഗണിക്കാറില്ല.

അധികാരവർഗ്ഗം എല്ലാകാലത്തും അധികാരം നിലനിർത്തുന്നത് ശിക്ഷാ-നടപടികളിലൂടെയാണ്. ശിക്ഷിക്കാനുള്ള അധികാരിവർഗ്ഗത്തിന്റെ അവകാശത്തെ പൊതുസമൂഹവും അംഗീകരിച്ചിരുന്നു. മനുസ്മൃതി ഏഴാം അധ്യായത്തിൽ ഇങ്ങനെ എഴുതിയിട്ടുണ്ട്.

"യദി, ന പ്രണയേദ്രാജാ ദണ്ഡം ദണ്ഡ്യേഷ്വതന്ദ്രിതഃ

ശൂലേ മത്സ്യനിവാപക്ഷ്യൻ ദുർബലൻ ബലവത്തരാഃ "[4]

(രാജാവ് മടികൂടാതെ യഥാവിധി കുറ്റവാളികളെ ശിക്ഷിക്കാത്തപക്ഷം ബലവാന്മാർ ദുർബലരെ ആക്രമിക്കും. ശൂലത്തിൽ കുത്തി മത്സ്യങ്ങളെ എന്നപോലെ ചുട്ടെടുക്കും. അതുകൊണ്ട് രാജാവ് ദണ്ഡശിക്ഷ നടപ്പാക്കണം). കുറ്റവാളിയാണെങ്കിലുമല്ലെങ്കിലും ഒരാളിൽ കുറ്റം ആരോപിക്കപ്പെടുകയും അത് സമർത്ഥിക്കപ്പെടുകയും ചെയ്താൽ അയാളെ ഭരണവർഗ്ഗം ശിക്ഷിക്കും. അത്തരം ശിക്ഷകൾ ഭയപ്പെട്ട് സമൂഹം അനുസരണീയരും വിധേയരുമായി കഴിയും. സാന്താൾ ഗോത്രവർഗ്ഗവും അതിലെ അധികാരികളും അത്തരം മൂർത്തമായ അധികാരത്തിന്റെ സൂചകമാണ്. പ്രധാനമന്ത്രിയെ മാലയിട്ടതിന്റെ പേരിൽ (തിരിച്ചും) ബുധിനിയിൽ ആരോപി-ക്കപ്പെട്ടത് അന്യജാതിക്കാരനെ (ദികു) വിവാഹം കഴിച്ചു എന്ന കുറ്റമാണ്. ആ കുറ്റം തെളിയിക്കപ്പെടുന്നതാകട്ടെ പത്രത്തിൽ വന്ന ഫോട്ടോയുടെയും നാട്ടുകാരുടെ സാക്ഷിത്വത്തിന്റെയും അടിസ്ഥാനത്തിലാണ്. പരമ്പരാഗത വേഷമണിഞ്ഞ ബുധിനി നെഹ്റുവിനെ വിവാഹം ചെയ്തു എന്ന് സമർത്ഥിക്കാൻ അതിൽ കൂടുതൽ ഒന്നും വേണ്ടിയിരുന്നില്ല. ബിത്‌ലാഹ എന്ന പ്രാകൃതാചാരപ്രകാരം സമുദായം ഭ്രഷ്ട് കൽപ്പിച്ച് വീട്ടിൽ നിന്നും നാട്ടിൽ നിന്നും പുറത്താക്കുക എന്ന പ്രാകൃത ശിക്ഷയാണ് അവർ ബുധിനിക്ക് നൽകിയത്. അതാകട്ടെ ഇതരസമുദായ അംഗങ്ങൾക്കുള്ള ഒരു മുന്നറിയിപ്പ് കൂടിയായിരുന്നു. 'ഭയപ്പെടുത്തി കീഴടക്കുക 'എന്നത് പരമാധി-കാരത്തിന്റെ തന്ത്രമാണെന്ന് അധികാര തൃഷ്ണയെപ്പറ്റി പറയുമ്പോൾ ഫെഡറിക് നിത്ഷേ രേഖപ്പെടുത്തിയിട്ടുണ്ട്.

അധികാരിവർഗ്ഗത്തിന്റെ വിജയം അവരെ ന്യായീകരിക്കുകയും പിന്തുണ-യ്ക്കുകയും അവർക്കുവേണ്ടി വാദിക്കുകയും ചെയ്യുന്ന അനുചരന്മാരുണ്ട് എന്നുള്ള-താണ്. രാഷ്ട്രവികസനത്തിനായാണ് അണക്കെട്ട് നിർമ്മിക്കുന്നതെന്നും അതിനായി നമ്മൾ ചെയ്യുന്ന ത്യാഗം എല്ലാവർക്കും ഗുണകരമാകുമെന്നും പറയുന്ന സുവീർദത്ത അത്തരമൊരു സൂചകമാണ്. ഡി.വി.സി. യുടെ പ്രതിനിധിയായി വികസനത്തിന്റെ-പക്ഷം ചേർന്ന് നിൽക്കുന്ന അയാൾ വികസനത്തിന്റെ പേരിൽ ഹോമിക്കപ്പെടുന്ന ജീവിതങ്ങളോ ജീവനുകളോ അറിയുന്നില്ല. അണക്കെട്ടിനെ ന്യായീകരിച്ചുകൊണ്ട് പറയുന്നത് "ജലം ദേവത തന്നെയാണ്. അതെനിക്കും അറിയാം. എന്നാൽ ആ ദേവത കടന്നുചെല്ലാത്ത ദേശങ്ങളുമുണ്ട്, രാജ്യത്ത്. അറിയാമോ? ഒരു തുള്ളി വെള്ളമില്ലാതെ അവിടെ കൃഷിയുണങ്ങുന്നു. ഇവിടെയോ? ദാമോദർവാലി കരകവിഞ്ഞ് നാശം വിതയ്ക്കുന്നു. ആ ദേശങ്ങളിലും നിങ്ങളെപ്പോലെ തന്നെ കർഷകരുണ്ട്, ജോമോജി. വിണ്ടുപൊട്ടിക്കിടക്കുന്ന വയലുകൾക്ക് നടുവിൽ തലയ്ക്ക് കൈയും കൊടുത്തിരുന്ന് കരയുകയല്ലാതെ അവരെന്തു ചെയ്യും? അണക്കെട്ട് അത്ര ചീത്തക്കാര്യമൊന്നുമല്ല. സഹോദരങ്ങളേ നിങ്ങൾക്കതിനെപ്പറ്റി വിവരമില്ലാഞ്ഞി-ട്ടാണ്. അണക്കെട്ട് വന്നാൽ ചാലുകീറി കുറേ വെള്ളം, നിങ്ങളെ മുക്കിക്കളയുന്ന അധികവെള്ളം, അങ്ങോട്ടൊഴുക്കി വിടരുതോ? അതാണ് സർക്കാർ ചിന്തിക്കുന്നത്. വെള്ളപ്പൊക്കം വരാൻ കാത്തുനിൽക്കാതെ ദാമോദർ നദിയിലെ വെള്ളം ഒഴുക്കി വിട്ടാൽ നിങ്ങളും അവരും രക്ഷപ്പെടില്ലേ? അതുമാത്രമോ, വെളിച്ചത്തിന്റെ കാര്യം ഒന്നോർത്തു നോക്കൂ. ഇരുട്ടിലല്ലേ നിങ്ങൾ ജീവിക്കുന്നത്? ഗ്രാമത്തിൽ വൈദ്യുതി വന്നാൽ നിങ്ങൾക്ക് ഇഷ്ടപ്പെടില്ലെന്നുണ്ടോ? വീട്ടിനുള്ളിൽ പാൽവെളിച്ചം വന്നാൽ

നിങ്ങൾക്ക് വിഷമം തോന്നുമോ? ആലോചിച്ചു നോക്കൂ നല്ലപോലെ. കറം പൂജയ്ക്ക് വൈദ്യുതാലങ്കാരങ്ങൾ, ഉച്ചഭാഷിണി ഇതൊക്കെ ഉണ്ടായാൽ എങ്ങനെയുണ്ടാവും? തെരുവ് വിളക്കുകൾ കത്തിയാൽ ഗ്രാമത്തിലെ രാത്രികാലങ്ങളുടെ മുഖച്ഛായ മാറില്ലേ? എന്നെത്തൊടാനാരും ധൈര്യപ്പെടില്ലെന്നും പറഞ്ഞ് അലറിക്കുതിച്ചു വരുന്ന ദാമോദർ നദിയെ ഒന്നു തടഞ്ഞു നിർത്തി, മെരുക്കി വിട്ടാൽ, കേട്ടോ ജോജി വെള്ളത്തിൽ നിന്ന് വെളിച്ചം കറന്നെടുക്കാൻ പറ്റും."[5] സുവീർദത്തയുടെ വാക്കുകൾ കേട്ട ഗ്രാമവാസികൾ ആരും തന്നെ വികസനത്തിന് എതിരു നിൽക്കില്ല. വികസനത്തെ ന്യായീകരിച്ചുകൊണ്ട് അധികാരിവർഗ്ഗത്തിനു-വേണ്ടി സുവിർദത്ത സേവനം ചെയ്യുന്നു.

വികസനത്തെ ചൊല്ലിയുള്ള വാഗ്വാദങ്ങൾ സമൂഹജീവിതത്തിന്റെ പ്രാരംഭദശ മുതലുണ്ട്. വികസനത്തെ ന്യായീകരിക്കുന്നവരും എതിർക്കുന്നവരും ഇരുചേരുകളിൽ നിന്ന് പോരടിക്കുന്ന സാമൂഹ്യാന്തരീക്ഷം ഏതൊരു സമൂഹത്തിലും ദർശനീയമാണ്. 'ബുധിനി'യുടെ അന്തരീക്ഷത്തെ നാടകീയവും സംഘർഷാത്മകവുമാക്കുന്നത് അത്തരം ഘടകങ്ങളാണ്. വികസനത്തിന്റെ പേരിൽ ഭ്രഷ്ടരാക്കപ്പെടുന്നവരുടെ പരിദേവനങ്ങൾക്ക് അവഗണന മാത്രമാണ് ലഭിക്കുന്നത്. ആധുനികവൽക്ക-രണത്തിന്റെ കാലഘട്ടത്തിൽ വികസനത്തെയും ഭരണകൂടത്തെയും എതിർക്കുന്നവർ വിവരംകെട്ടവരും വികസനവിരുദ്ധരുമായി വിലയിരുത്തപ്പെടുകയും സമൂഹ-ത്തിൽനിന്ന് പുറന്തള്ളപ്പെടുകയും ചെയ്യും. അത്തരത്തിൽ മുഖ്യധാരാസമൂഹം പുറംതള്ളിയവരുടെ ജീവിതങ്ങളാണ് ബുധിനിയിൽ ആവിഷ്കൃതമാകുന്നത്. ആധുനികവൽക്കരണത്തിന്റെ വകതിരിവില്ലായ്മമൂലം തകർന്നടിഞ്ഞ ജീവിതമാണ് ബുധിനി ഉൾപ്പെട്ട കർബോനനിവാസികളുടേത്. മുഖ്യധാരാസമൂഹം പുറംതള്ളിയ അത്തരക്കാരുടെ ജീവിതത്തിന് വർത്തമാനകാലം യാതൊരു പരിഗണനയും കൽപ്പിക്കുന്നില്ല. നിങ്ങൾ ഞങ്ങളുടെ നിരീക്ഷണത്തിലും നിയന്ത്രണത്തിലും ആണെന്ന തോന്നലുളവാക്കി ഭരണവർഗ്ഗം അവരെ അനുസരിപ്പിക്കുന്നു. "തങ്ങൾ സർവ്വസമയത്തും അധികാരത്തിന്റെ കാവലിലും തണലിലുമാണെന്ന ചിന്ത ഒരാ-ളിലോ സമൂഹത്തിലോ സൃഷ്ടിക്കുന്നതിലൂടെ അനുസരണാശീലമുള്ള സമൂഹത്തെ വാർത്തെടുക്കാം എന്ന് അധികാരിവർഗ്ഗം തിരിച്ചറിഞ്ഞത് സാമൂഹികമായ പരിണാമ-ത്തിന്റെ നാന്ദികുറിക്കലായിരുന്നു"[6]. ദാമോദർവാലി കോർപ്പറേഷനും ഭരണകൂടവും ജനങ്ങൾക്ക് മേൽ ചെലുത്തിയ സ്വാധീനവും നായകത്വവും അതാണ് തെളിയി-ക്കുന്നത്.

അണക്കെട്ടുകൾ ഇന്ത്യയുടെ ആധുനിക ക്ഷേത്രങ്ങളാണ് എന്ന് സ്വാതന്ത്ര്യാ-നന്തരഭാരതം വിശ്വസിച്ചിരുന്നു. ആ വിശ്വാസസങ്കൽപ്പങ്ങളെ പൊളിച്ചടുക്കുകയാണ് ബുധിനിയിലൂടെ എഴുത്തുകാരി നടത്തുന്നത്. നദികൾ ശാന്തവും സ്വച്ഛവുമായി ഒഴുകാനുള്ളതാണോ, അതോ മനുഷ്യന് വേണ്ടി മെരുക്കപ്പെടേണ്ടതാണോ എന്ന മൗലികമായ ഒരു ചോദ്യം ബുധിനി ഉയർത്തുന്നുണ്ട്. പ്രകൃതിയെ മെരുക്കിയിണക്കുന്ന മനുഷ്യൻ വികസനമാണ് വലുത് എന്നു പറയുമ്പോഴും അവികസിതവും പ്രാകൃതവുമായ ചിന്തകൾ അവനിൽ ഉണ്ട് എന്ന് സമർത്ഥിക്കുക കൂടിയാണ് ഈ നോവലിലൂടെ സാറാ ജോസഫ് ചെയ്യുന്നത്. രാഷ്ട്രവികസനത്തിന് ഉപകരിക്കുന്ന തരത്തിൽ അധികാരം വിനിയോഗിക്കപ്പെടണം എന്നത് പരമമായ സത്യവും ആവശ്യവും ആണ്. അതേസമയം അതേ അധികാരത്തിന്റെ പേരിൽ പൊതുസമൂഹത്തിന്റെ ജീവനും ജീവിതവും കുരുതി കൊടുക്കപ്പെടുന്നത് ചോദ്യം ചെയ്യപ്പെടേണ്ടതുമാണ്. അങ്ങനെ അധികാരവർഗ്ഗത്തെ വിചാരണചെയ്യാൻ സാമൂഹികപ്രതിബദ്ധതയുള്ളവർക്കേ കഴിയൂ. ബുധിനി അതിന് ഉത്തമദൃഷ്ടാ-ന്തമാണ്. ഭരണവർഗ്ഗം, തൊഴിൽ സ്ഥാപനം, സമുദായം, വർഗ്ഗം തുടങ്ങിയ അധികാരസ്ഥാപനങ്ങൾ അവരവരുടെ നിലനിൽപ്പിൽ മാത്രമാണ് ശ്രദ്ധിക്കുന്ന-തെന്നും അതിനിടയിൽ തച്ചുടയ്ക്കപ്പെടുന്ന ജീവിതങ്ങൾക്ക് അവർ യാതൊരു പരിഗണനയും നൽകുന്നില്ല എന്നുമാണ്

സാറാ ജോസഫ് സ്ഥാപിക്കുന്നത്. മനുഷ്യത്വരഹിതമായ അധികാരകേന്ദ്രങ്ങളെ പൊതുസമൂഹത്തിനുമുന്നിൽ തുറന്നു-കാട്ടുകയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

## കുറിപ്പുകൾ

1. ഗുപ്തൻ നായർ എസ്, കേരള ഭാഷാ നിഘണ്ടു, പുറം - 51.
2. അരുൺ ജെ. ജി , അധികാരത്തിന്റെ പ്രത്യയശാസ്ത്രം ആദ്യകാല മലയാള നോവലകളിൽ, ഭാഷ , ഓണപതിപ്പ്, 2003 പുറം -7.
3. Tawney, Equality, Page - 132 .
4. മനു , മനുസ്മൃതി, പുറം - 315.
5. സാറ ജോസഫ്, ബുധനി , പുറം - 58.
6. മിഷേൽ ഫൂക്കോ, പവർ നോളഡ്ജ്, വിവ: റോബർട്ട് ഹോളി, പുറം - 136.

## ഗ്രന്ഥസൂചി

### മലയാളം

1. അപ്പൻ കെ. പി, മാറുന്ന മലയാള നോവൽ ഇംപ്രിന്റ് ബുക്ക്, കൊല്ലം, 1997.
2. അയ്യപ്പൻ എ , ഭാരതപ്പഴമ , മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി ലിമിറ്റഡ്, കോഴിക്കോട് , 1985.
3. അയ്യപ്പപ്പണിക്കർ കെ. ഡോ. ( എഡി.), മലയാളം തിസോറസ് - പദാന്വേഷണ ശബ്ദകോശം , ഡി ബുക്ക്, കോട്ടയം, 2003.
4. അശോകൻ ചരുവിൽ , എഴുത്തിന്റെ വെയിലും നിലാവും , പ്രോഗ്രസ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2013.
5. കൗടില്യൻ, അർത്ഥശാസ്ത്രം , കെ. വി. എം. ( വിവ. ), കേരള സാഹിത്യ അക്കാദമി, തൃശൂർ, 1961.
6. ഗുപ്തൻ നായർ എസ്. ( ചീഫ് എഡി.), കേരള ഭാഷാ നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , തിരുവനന്തപുരം, 1997.
7. മനു, മനസ്മൃതി, കോതമംഗലം കൃഷ്ണകുമാർ ( വ്യാഖ്യാനം ), ദ്രോണാചാര്യ പബ്ലിക്കേഷൻസ്, കോഴിക്കോട് , 2006.
8. സാറാ ജോസഫ് , ബുധിനി, ഡിസി ബുക്ക്, കോട്ടയം, 2009.

### ഇംഗ്ലീഷ്

1. Arrora Peeyush, Dictionary of Political Science, Sarup and sons, New Delhi, 2007.
2. Foucault Michael, Discipline and Punish- The Birth of Prison, Trans. by Alan Sheridon, Penguin Books, London, 1991.
3. Foucault Michael, Power/ Knowledge, Trans. by Robert Hurley, Random Book House, Newyork, 1986.
4. Tawney, R.H., Equality, Allen & Unwin, 1952.

### ആനുകാലികം

ഭാഷ ( ഓണപ്പതിപ്പ് ), ലക്കം 12, തിരുവനന്തപുരം, 2003.